ഉത്തരം

(എ) എൻ.എസ്.എസ്., എൻ.സി.സി., എസ്.പി.സി., സ്കൗട്ട് ആന്റ് ഗൈഡ്സ്, ഭൂമിത്ര സേനാ ക്ലബ്ബ്, സൗഹൃദ ക്ലബ്ബ് തുടങ്ങിയ സന്നദ്ധ സംഘടനകൾ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

റവന്യൂ ഭൂമിയിൽ ആദിവാസികൾക്ക് നീക്കി വച്ചിട്ടുള്ള ഭൂമിയുടെ വിവരം

95 (T. 4726) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റവന്യൂ ഭൂമി ലീസിനു കൊടുത്തിട്ടുള്ളതും അല്ലാതെയും അന്യ കൈവശം ഉള്ളതും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമിയിൽ ആദിവാസികൾക്കു വേണ്ടി നീക്കിവച്ചിട്ടുള്ള ഭൂമി എത്ര;

(സി) ആദിവാസികൾക്ക് നീക്കി വച്ചിട്ടുള്ള ഭൂമി മുഴുവൻ വിതരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ആദിവാസികൾക്ക് നീക്കിവച്ച ഭൂമി സ്വകാര്യ വ്യക്തികളുടെ കൈവശം ഉണ്ടോ; ഉണ്ടെങ്കിൽ പേര് വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

വൈപ്പിൻ മണ്ഡലത്തിലെ വില്ലേജ് ആഫീസുകളിൽ കാലതാമസം

96 (4727) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി പോക്ക് വരവ്, സ്ഥലം അളന്നു തിട്ടപ്പെടുത്തൽ തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിന് വൈപ്പിൻ മണ്ഡലത്തിലെ വില്ലേജ് ആഫീസുകളിൽ കാലതാമസം നേരിടുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർ വില്ലേജ് ഓഫീസുകളിൽ ഇപ്പോഴും ഇത്തരം ജോലികൾക്കായി നിയോഗിക്കപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കർഷകരിൽ നിന്നും ഭൂനികുതി സ്വീകരിക്കൽ

97 (4728) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരാച്ചുണ്ട്, ചക്കിട്ടപാറ, കാന്തലാട്ട് വില്ലേജുകളിലെ കർഷകരിൽ നിന്നും ഭൂനികുതി ഈടാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ പ്രസ്തുത വില്ലേജുകളിലെ കർഷകരിൽ നിന്നും നികുതി സ്വീകരിക്കാം എന്ന തീരുമാനമുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(സി) ഈ തീരുമാനം റദ്ദു ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിന്റെ തീരുമാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ എതിർപ്പ് കാരണം കുരാച്ചുണ്ട്, കാന്തലാട്ട് എന്നീ വില്ലേജുകളിൽ ഭൂനികുതി ഈടാക്കുന്നില്ല. ചക്കിട്ടപ്പാറ വില്ലേജിൽ ഇത്തരത്തിലുള്ള ഭൂനികുതി പ്രശ്നം നിലവിലില്ല.

(ബി) ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ പ്രസ്തുത വില്ലേജുകളിലെ കൈവശക്കാരിൽ കരം സ്വീകരിച്ച 62 പേരുടെ കൈവശമിരിക്കുന്ന 94 ഹെക്ടർ ഭൂമിയിൽ വനം വകുപ്പിന്റെ ഭൂമി ഉണ്ട് എന്ന വനം വകുപ്പിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly